

ബഥാന്യ

"അവൻ അവരെ ബഥാനിയാ വരെ കൂട്ടിക്കൊണ്ടുപോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു" (ലൂക്കാ. 24, 50)

BETHANIA RENEWAL CENTRE, PULLOORAMPARA, KOZHIKODE - 673 603

മാതാപിതാക്കളും മക്കളും ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ

ഫാ. ബെന്നി മുണ്ടനാട്ട്
(ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം)

വളരെയേറെ നിരാശയോടെയാണ് ഒരു മകനെയും കൂട്ടി അവന്റെ അമ്മ എന്റെ അടുത്ത് വന്നത്. എല്ലാക്കാര്യത്തിലും മിടുമിടുക്കനായ അവൻ വീട്ടിൽ വരുമ്പോൾ ഭ്രാന്ത് പിടിച്ചവനെപ്പോലെയാകുന്നു. എല്ലാവരോടും ദേഷ്യം. സ്കൂൾ വിട്ടുവന്നാൽ യാതൊരു സംസാരവുമില്ല. എന്തെങ്കിലും ചോദിച്ചാൽ ചോദിക്കുന്നതിനുള്ള ഉത്തരം മാത്രം. ഒരുമിച്ച് ഭക്ഷണം കഴിക്കാറില്ല. ഒരുമിച്ച് പ്രാർത്ഥിക്കാറില്ല. 8-ാം ക്ലാസ്സിൽ പഠിക്കുന്ന തന്റെ ഏകമകന്റെ സ്വഭാവ വൈകല്യത്തെ ഓർത്ത് വിഷമിച്ചാണ് ആ സ്ത്രീ എന്റെ അടുക്കൽ വന്നത്.

89 വയസ്സുള്ള അപ്പച്ചന്റെ മരണക്കിടക്ക് ചുറ്റും ഇരുന്ന് കരയുന്ന മക്കൾ. മൂത്തമകൻ എന്റെ അടുത്ത് വന്ന് പറഞ്ഞു. അപ്പച്ചന് നല്ല ബോധമുണ്ട്. പക്ഷേ കാര്യങ്ങൾ ഒന്നും വേണ്ടതുപോലെ ചെയ്തിട്ടില്ല. ഇനിയുള്ള കാലം മക്കളായ ഞങ്ങൾ തമ്മിലടിച്ചു ജീവിച്ചോട്ടെ എന്നായിരിക്കും അപ്പൻ വിചാരിക്കുന്നത്. സ്വത്തിന്റെ കാര്യത്തിൽ ഇതുവരെയും ഒരു തീരുമാനമെടുത്തിട്ടില്ല. ഇന്ന് പല കുടുംബങ്ങളെയും ബാധിച്ചിരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മാതാപിതാക്കളും മക്കളും തമ്മിലുള്ള അത്യഗാധമായ സ്വരചേർച്ച ഇല്ലായ്മ എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. വചനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് കൂട്ടരിലും ഉണ്ടായിരിക്കേണ്ട അടിസ്ഥാന സ്വഭാവങ്ങളെക്കുറിച്ച് ഇപ്രാവശ്യം വിചിന്തനം നടത്തുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു.

മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കോപം ഉളവാക്കരുത്

എഫേസോസ് 6/4ൽ വിശുദ്ധ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത് ശ്രദ്ധിക്കുക. "പിതാക്കന്മാരെ നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" മക്കളെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തണമെങ്കിൽ അതേ ശിക്ഷണത്തിലും ഉപദേശത്തിലും നാം ജീവിക്കണം. അങ്ങനെയാണ് വളർത്തുന്നതെങ്കിൽ മാതാപിതാക്കളോട് മക്കൾക്ക് ബഹുമാനവും ആദരവും വർദ്ധിക്കുകയേ ഉള്ളൂ. മദ്യപാനത്തിലും, വിശ്വാസരാഹിത്യത്തിലും അലസതയിലും കൂദാശ ജീവിതത്തിൽ നിന്ന് അകന്നും ജീവിക്കുന്ന മാതാപിതാക്കളുടെ ഉപദേശങ്ങൾ മക്കളിൽ വിപരീത ചിന്താഗതികൾ സൃഷ്ടിക്കുന്നത് കാണാനിടയായിട്ടുണ്ട്.

ഒരിക്കൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞു. അച്ചാ, ഞാൻ വിവാഹത്തെക്കുറിച്ച് ചിന്തിക്കുന്നേയില്ല. കാരണം എന്റെ അമ്മയുടെ സ്വഭാവം പോലെയുള്ള ഒരുവളെയാണ് എനിക്ക് ലഭിക്കുന്നതെങ്കിൽ എന്റെ ജീവിതം നരകതുല്യമാകും. സ്വന്തം അപ്പനെക്കുറിച്ചും ഇപ്രകാരം പറയുന്ന പല മക്കളെയും കാണാനിടയായിട്ടുണ്ട്. അതുകൊണ്ട് മക്കളിൽ കോപം ജനിപ്പിക്കത്തക്കവിധത്തിലുള്ള ജീവിതം അവരിൽ നിഷേധാത്മക നിലപാടുകളെടുക്കാൻ പ്രേരിപ്പിക്കും.

ഒരിക്കൽ ഒരു മകൻ അവന്റെ അപ്പനെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്. കഠിനാദ്ധ്വാനി, വിശ്വാസകാര്യത്തിൽ വളരെ നിഷ്ഠയുള്ളവൻ, കൃത്യമായി കുരിശുവരയും പ്രാർത്ഥനയും. അപ്പന് ഒരു ദു:ശ്ശീലമുണ്ട്. വല്ലപ്പോഴും അല്പം മദ്യപിക്കും. പക്ഷേ, ആ ദു:ശ്ശീലമുണ്ടെങ്കിലും അപ്പന്റെ ആത്മാർത്ഥതയും, കഠിനാദ്ധ്വാനവും ഒക്കെ ഓർക്കുമ്പോൾ ദു:ശ്ശീലങ്ങളെ അവഗണിക്കുവാൻ അവന് സാധിച്ചിരുന്നു. പണ്ടൊക്കെ ഇപ്രകാരമുള്ള കുറവുകളും പോരായ്മകളുമൊക്കെ നമ്മുടെ മാതാപിതാക്കളിലുണ്ടായിരുന്നെങ്കിലും 'തലമറന്ന് അവർ ഒരിക്കലും എണ്ണ തേയ്ക്കുമായിരുന്നില്ല'.

2. കർത്താവിന്റെ ശിക്ഷണം നല്കണം

നിയമാവർത്തനം 6/7ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്. കർത്താവിന്റെ കല്പനകൾ "ജാഗരൂകതയോടെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം" എങ്ങനെയാണ് ശിക്ഷണം നല്കേണ്ടതെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ ശിക്ഷണത്തിൽ വളർത്തുക എന്നാൽ കർത്താവിന്റെ കല്പനകളും ചട്ടങ്ങളും അനുസരിച്ച് വളർത്തുക എന്നതാണ്. മക്കളുടെ തോന്നലുകളും, ആഗ്രഹങ്ങളും അനുസരിച്ചല്ല നാം അവർക്ക് രൂപീകരണം നല്കേണ്ടത്. 1 സാമു 3/13ൽ ഏലിയെക്കുറിച്ച് ദൈവം പറഞ്ഞത് നാം ശ്രദ്ധിക്കണം. "മക്കൾ ദൈവദൂഷണം പറയുന്ന കാര്യം അറിഞ്ഞിട്ടും അവരെ തടയാത്തതുമൂലം ഞാൻ അവന്റെ കുടുംബത്തിന്റെ മേൽ എന്നേയ്ക്കുമായി ശിക്ഷാവിധി നടത്താൻ പോവുകയാണ്" എന്നാണ്. വചനം നമ്മെ ഓർമ്മിപ്പിക്കുന്നവ വിസ്മരിക്കാൻ ആർക്കാണ് കഴിയുക. "തന്നിഷ്ടത്തിന് വിട്ടിരിക്കുന്ന കുട്ടി അമ്മയ്ക്ക് അപമാനം വരുത്തി വയ്ക്കുന്നു" (സുഭാ 29/15). "ദുശ്ശാഠ്യക്കാരിയായ പുത്രിയെ കർക്കശമായി നിയന്ത്രിക്കുക; സ്വാതന്ത്ര്യം അവൾ ദുരുപയോഗപ്പെടുത്തും" (പ്രഭാ 26/10). "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം നന്മയുണ്ടാകും" (പ്രഭാ 30/2). "അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക" (പ്രഭാ 30/13). "കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ട, വടികൊണ്ട് അടിച്ചെന്ന് വച്ച് അവർ മരിച്ച് പോവുകയില്ല. അടിക്കുമ്പോൾ നീ അവന്റെ ജീവനെ പാതാളത്തിൽ നിന്ന് രക്ഷിക്കുകയാണ്" (സുഭാ 23/13).

പല വിദേശരാജ്യങ്ങളിലും കുട്ടികളുടെ ശിക്ഷണത്തെ വലിയ കുറ്റമായി കാണുന്നുണ്ട്. ഇന്ത്യയിലും കുട്ടികളെ ശിക്ഷണത്തിൽ വളർത്തുന്നതിൽ മാതാപിതാക്കളുടെയും അധ്യാപകരുടെയും മേൽ നിയന്ത്രണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എന്നാൽ കർത്താവിന്റെ വചനം ഒരിക്കലും ഫലരഹിതമാകാത്തതിനാൽ "കർത്താവിന്റെ ശിക്ഷണത്തിൽ" മക്കളെ വളർത്തിയെടുക്കാൻ നാം ഉത്സാഹിക്കേണ്ടതുണ്ട്.

3. നല്ല മാതൃക നല്കി ശിക്ഷണത്തിൽ വളർത്തണം.

വശങ്ങളിലേക്ക് നടക്കുന്ന ഒരു ഞണ്ടിന് എങ്ങിനെ തന്റെ കുഞ്ഞിനെ നേരെ നടത്താൻ സാധിക്കും. വഴിതെറ്റിയും, വഴി വിട്ടും നടക്കുന്ന ഒരു അപ്പനും അമ്മയ്ക്കും മക്കളെ നേർവഴിയിൽ നടത്താനാവില്ല. "അമ്മയെപ്പോലെ മകളും" എന്ന പഴമൊഴി ഓർക്കുക എന്ന് വചനം പറയുന്നു. (എസെ. 16/44).

1 രാജാക്കന്മാർ 15/3ൽ അബിയാം തന്റെ പിതാവിനെ അനുകരിച്ച് പാപപ്രവൃത്തികൾ ചെയ്തു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാതാപിതാക്കളുടെ മാതൃക, അത് മോശമോ, നല്ലതോ ആയിക്കോട്ടെ, മക്കൾ വേഗത്തിൽ അത് അനുകരിക്കുന്നു.

4. അമിതമായി ലാളിക്കരുത് : പ്രഭാഷകൻ 7/24 നോക്കുക. വചനം പറയുന്നു. "നിന്റെ പുത്രിമാർ ചാരിത്രവതികളായിരിക്കാൻ ശ്രദ്ധ പതിക്കുക. അതിലാളനമരുത്" "പുത്രനെ അമിതമായി ലാളിച്ചാൽ അവൻ നിന്നെ ഭയപ്പെടുത്തും" (പ്രഭാ 30/9). മക്കളെ എപ്രകാരമാണ്

-ശേഷം പേജ് 2-

-1-ാം പേജ് തുടർച്ച -

വളർത്തേണ്ടതെന്ന ശക്തമായ മുന്നറിയിപ്പാണ് പ്രഭാഷകന്റെ പുസ്തകം 30-ാം അദ്ധ്യായം 1 മുതൽ 13 വരെ വാക്യങ്ങളിൽ നാം വായിക്കുന്നത്.

5. മക്കൾക്ക് അവകാശപ്പെട്ടത് കൊടുക്കേണ്ടസമയത്ത് കൊടുക്കണം :

മാതാപിതാക്കളുടെ സത്വരമായ ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണിത്. പിതൃസ്വത്ത് മക്കൾക്ക് നല്കാനാഗ്രഹിക്കുന്ന മാതാപിതാക്കൾ അത് തക്കസമയത്ത് വീതം വച്ച് നല്കണം. തോബിത്ത് മരിക്കുന്നതിന് മുമ്പ് തന്റെ മകന് നല്കാനുള്ളവയെക്കുറിച്ച് മകനോട് കൃത്യമായി പറയുന്നത് തോബിത്തിന്റെ പുസ്തകം 4/3-21 വരെ നാം വായിക്കുന്നുണ്ട്. മാതാപിതാക്കളുടെ ഉത്തരവാദിത്വം പൂർണ്ണമായും തീരുന്നത് തങ്ങളുടെ സ്വത്ത് മക്കൾക്കായി പക്ഷപാതമില്ലാതെ പങ്കുവയ്ക്കപ്പെടുന്നതിലൂടെയാണ്. എത്രയോ കുടുംബങ്ങളിലാണ് പിതൃസ്വത്തിന്റെ പേരിലുള്ള സിവിൽക്കേസും, ശത്രുതയും നിലനില്ക്കുന്നത്. തലമുറകളിലേയ്ക്ക് സാഹോദര്യത്തിന്റെ ചൈതന്യം പകർന്നുകൊടുക്കണമെങ്കിൽ തക്കസമയത്തുള്ള വീതം വയ്പ്പുകൾ കൃത്യമായി നടന്നിരിക്കണം.

6. ജീവിതാന്തസിലേക്കുള്ള പ്രവേശനം

കുട്ടികൾ വളർന്നുവരുമ്പോൾ തന്നെ അവരിലെ ദൈവവിളി കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനുള്ള ജ്ഞാനം മാതാപിതാക്കൾക്കുണ്ടാകണം. നവോമി തന്റെ മരുമകളായ റൂത്തിനോട് പറയുന്നത് ഇപ്രകാരമാണ്. "മകളെ, സന്തുഷ്ടമായ കുടുംബ ജീവിതത്തിൽ നിന്നെ പ്രവേശിപ്പിക്കുക എന്റെ കടമയല്ലേ?" (റൂത്ത് 3/1). ജീവിതാന്തസ്സ് കണ്ടെത്തി തന്റെ കുഞ്ഞിനെ അതിനായി ഒരുക്കി എടുക്കുക എന്നുള്ളത് മാതാപിതാക്കളുടെ കടമയാണ്.

മക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അനുസരണം : ഇന്നത്തെ തലമുറയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു സുകൃതമാണ് അനുസരണം. മാതാപിതാക്കളോടുള്ള വിധേയത്വം ഒരു കുറവും ബലഹീനതയുമായി കാണുന്ന മക്കൾ കർത്താവിന്റെ വചനം വായിക്കുന്നത് നല്ലതാണ്. "മാതാപിതാക്കന്മാരെ അനുസരിക്കുക, ബഹുമാനിക്കുക" (എഫേ 6/1-4). "നിനക്ക് ജന്മം നല്കിയ പിതാവിനെ അനുസരിക്കുക; വൃദ്ധയായ അമ്മയെ നിന്ദിക്കരുത് (സുഭാ 23/22). "ഭൂമിയിൽ നല്ല കാലത്തോളം ജീവിക്കാൻ നിന്റെ മാതാവിനെയും പിതാവിനെയും ബഹുമാനിക്കണമെന്നത് കർത്താവിന്റെ കല്പനയാണല്ലോ".

2. മാതാപിതാക്കന്മാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ശുശ്രൂഷിക്കുക.

ഒരു മകൻ അല്ലെങ്കിൽ മകൾ മാതാപിതാക്കളെ സ്നേഹിക്കുന്നു എന്നറിയുന്നത് അവരുടെ ആവശ്യങ്ങളിൽ എത്രത്തോളം താത്പര്യം കാണിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. സമയത്ത് ഭക്ഷണം കൊടുത്തു അല്ലെങ്കിൽ രോഗാവസ്ഥയിൽ ആശുപത്രിയിൽ കൊണ്ടുപോയി എന്നൊക്കെ അവകാശപ്പെടാമെങ്കിലും, മാതാപിതാക്കളെക്കുറിച്ചുള്ള ഓർമ്മ മക്കൾക്ക് സദാസമയവും ഉണ്ട് എന്നത് മാതാപിതാക്കൾ തിരിച്ചറിയുന്നിടത്താണ് അവർക്ക് സന്തോഷമുണ്ടാവുക. ഈശോ തന്റെ അവസാനശ്വാസംപോകും മുമ്പേ പറഞ്ഞത് ഓർക്കുന്നില്ലേ. "ഇതാ നിന്റെ അമ്മ". തന്റെ വേദനയുടെ അവസാന നിമിഷത്തിലും സ്വന്തം അമ്മയെ മറക്കാത്ത ഈശോ എല്ലാ മക്കൾക്കും മാതൃക നല്കുന്നുണ്ട്. നൊന്തുപെറ്റ അമ്മയേയും, അപ്പനെയും ജീവിതാവസാനം വരെ മറക്കാൻ പാടില്ല.

3. ധിക്കാരപൂർവ്വം സംസാരിക്കരുത്. "പിതാവിനോട് എന്താണ് നീ ജനിപ്പിക്കുന്നതെന്നും, മാതാവിനോട് എന്താണ് നീ പ്രസവിക്കുന്നത് എന്നും ചോദിക്കുന്നവന് ഹാ ദുരിതം"(ഏശയ്യ 45/10-11). അമ്മയെ ധിക്കരിക്കുന്നവൻ ശിക്ഷിക്കപ്പെടും (സുഭാ 30/17, പ്രഭാ 7/27). മാതാപിതാക്കന്മാരോട് ധിക്കാരപൂർവ്വം സംസാരിക്കുകയും അവരെ അധിക്ഷേപിക്കുകയും ചെയ്യുന്ന മക്കൾ കർത്താവിന്റെ വചനം ഓർക്കണം.

4. ദൈവഭയമുള്ളവരായി വളരണം. : "ദൈവഭയം ഇല്ലാത്ത മക്കൾ ഉണ്ടാകുന്നതിനെക്കാൾ ഭേദം അനപത്യനായി മരിക്കുന്നതാണ്. (പ്രഭാ. 16/3) മക്കൾ ഏതെല്ലാം നിലയിൽ എത്തിയാലും ദൈവവിചാരമില്ലാതെയാണ് വളരുന്നതെങ്കിൽ എന്തുകാര്യം. കുമ്പസാരം, വി. കുർബ്ബാന, വ്യക്തിപരമായ പ്രാർത്ഥന, ഉപവാസം, പരിത്യാഗപ്രവൃത്തികൾ, സാധുക്കളോടുള്ള കരുണ, ദാനധർമ്മം നല്കാനുള്ള ഉത്സാഹം, തിരുസ്സഭയോടുള്ള സ്നേഹം ഇവയെല്ലാം പ്രധാനപ്പെട്ടത് തന്നെയാണ്. അഹങ്കാരവും അരാജകത്വവും അലസതയും വെടിഞ്ഞ് ദൈവാശ്രയത്വമുള്ളവരായി ജീവിക്കണമെന്നതാണ് ദൈവഹിതം.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിന്റെ പ്രാർത്ഥനാശംസകൾ

സെപ്റ്റംബർ 8



ജോവാക്കിമിന്റേയും അന്നായുടെയും മകളായി പരിശുദ്ധ കന്യകാമറിയം ജനിച്ചു.

രക്ഷകന്റെ ജനനം സൂര്യോദയമാണെങ്കിൽ മറിയത്തിന്റെ ജനനം ഉഷകാല നക്ഷത്രത്തിന്റെ ഉദയമാണ്. ഈശോ ദൈവപുത്രനാകയാൽ മേരി ദൈവമാതാവാണ്.

വിശുദ്ധ അംബ്രോസ് മറിയത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു.
"ദൈവമാതാവ് സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ്. ഈ ഗോവണി വഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗ്ഗത്തിലേയ്ക്ക് കയറിപ്പോകാനാണ്".

മേരിമഹത്വം എന്നഗ്രന്ഥത്തിൽ വിശുദ്ധ അൽഫോൻസ് ലിഗോരി ഇപ്രകാരം പറയുന്നു. മറിയത്തിന്റെ ഉത്ഭവസമയത്ത് അവൾ സ്വർഗ്ഗത്തിൽ എത്തിയിട്ടുള്ള ഏതുവിശുദ്ധരെക്കാളും പ്രസാദവരപൂർണ്ണയായിരുന്നു.

Night Vigil

ജാഗരണ പ്രാർത്ഥന

എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും

ജപമാല, വചനപ്രഘോഷണം, സാക്ഷ്യങ്ങൾ, സൗഖ്യാരാധന, വി. കുർബാന

നിയോഗം : **മാറാരോഗികൾക്കുവേണ്ടി**

2014
ഒക്ടോബർ 3
വെള്ളി
06.30 pm to
01.00 am

ഏകദിന ശുശ്രൂഷകൾ

എന്റെ സഹോദരി സി. മെർലി സെബാസ്റ്റ്യന് മലേറിയ രോഗം ബാധിച്ച് 2 മാസത്തോളം കിടപ്പിലായിരുന്നു. ഞാൻ ബഥാനിയായിൽ വന്ന് പ്രാർത്ഥിച്ചു. എന്റെ സഹോദരിയുടെ അസുഖം മാറി. യേശുവേ നന്ദി

ജോസ് ഇടശ്ശേരിൽ പുവാറൻതോട്

ആങ്ങളയുടെ മൂത്രസഞ്ചിയിൽ ക്യാൻസർ ആയിരുന്നു. ഓപ്പറേഷൻ ചെയ്താലും കാര്യമുണ്ടാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ബഥാനിയായിൽ പ്രാർത്ഥനാ നിയോഗം വച്ചു. ഒരു കുർബ്ബാന ചൊല്ലിച്ചു. ഓപ്പറേഷൻ വിജയകരമായിതീർന്നു. ദൈവത്തിന് നന്ദി

ഏലിയാമ്മ തൊട്ടിക്കൽ

രണ്ട് വർഷമായി കുഞ്ഞുങ്ങളില്ലായിരുന്നു. ബഥാനിയാൽ വന്ന് ധ്യാനത്തിൽ പങ്കെടുത്തു. ഒപ്പം ജാഗരണപ്രാർത്ഥനയിലും. അതിന്റെ ഫലമായി ദൈവം ഞങ്ങൾക്ക് ഒരു കുഞ്ഞിനെ തന്ന് അനുഗ്രഹിച്ചു. ഇപ്പോൾ 2-ാമത്തെ കുഞ്ഞിനെ 8 മാസം ഗർഭിണിയാണ്.

ഷിനി, കോടഞ്ചേരി

ഓഗസ്റ്റ് മാസം 9-ാം തിയ്യതി വെള്ളിയാഴ്ചയിലെ ആരാധനയിലും പ്രാർത്ഥനയിലും ഞാൻ പങ്കെടുത്തു. ആരാധനയുടെ സമയത്ത് അച്ചൻ വിളിച്ചുപറഞ്ഞു 27 വർഷമായി ശ്വാസം മുട്ടൽ അനുഭവിക്കുന്ന ഒരു സഹോദരിക്ക് ദൈവം സൗഖ്യം നൽകുന്നതായി കാണിക്കുന്നു. അപ്പോൾ ഞാൻ പ്രാർത്ഥിച്ചു. കർത്താവേ അതു ഞാനായിരിക്കണമേ. എന്റെ പ്രാർത്ഥനക്ക് ദൈവം ഉത്തരം നൽകി. എന്റെ ശ്വാസം മുട്ടൽ മാറി. പിന്നീട് ഇതുവരെയും ഉണ്ടായിട്ടില്ല. യേശുവേ നന്ദി

മേരി തോമസ്, കൽക്കുണ്ട്

ഓഗസ്റ്റ് മാസത്തിലെ ആദ്യവെള്ളിയാഴ്ചയിൽ സൗഖ്യാരാധനയുടെ സമയത്ത് അച്ചൻ വിളിച്ചുപറഞ്ഞു. ശരീരത്തിലെ നീർക്കെട്ടുകാരണം വിഷമിക്കുന്ന ഒരു വ്യക്തിയെ കർത്താവ് സൗഖ്യം നൽകി അനുഗ്രഹക്കുന്നു. അത് ഞാൻ ആയിരുന്നു. കർത്താവ് എന്റെ പ്രാർത്ഥന കേട്ടു എനിക്ക് ഉത്തരം നൽകി. ദൈവത്തിന് ആയിരമായിരം നന്ദി
യേശുവേ നന്ദി, യേശുവേ സ്ത്രോത്രം

ലിസമ്മ തിരുവമ്പാടി

2012ലെ അഖണ്ഡജപമാലയിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ ഭർത്താവിന്റെ 34 വർഷമായുള്ള മദ്യപാനവും പുകവലിയും മാറിക്കിട്ടി. യേശുവേ നന്ദി.

ലീല ഗോപാലകൃഷ്ണൻ തിരുവമ്പാടി

എന്റെ തലയിൽ ട്യൂമർ ആയിരുന്നു. ഞങ്ങൾ ബാംഗ്ലൂരിൽ പോയി. പക്ഷെ അവിടുന്ന് ഓപ്പറേഷൻ ചെയ്യാൻസാധിച്ചില്ല. പിന്നീട് ഞങ്ങൾ ബഥാനിയായിൽ സാക്ഷ്യപ്പെടുത്തിക്കൊള്ളാം എന്ന് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി തിരുവനന്തപുരം ശ്രീചിത്തിരയിൽ നിന്ന് ഓപ്പറേഷൻ കുറഞ്ഞചിലവിൽ വിജയകരമായി ചെയ്യുവാൻ സാധിച്ചു. ദൈവത്തിന് നന്ദി.

മേരി പുഷ്പഗിരി

എന്റെ മകൾക്ക് 40 വർഷമായി ഉണ്ടായിരുന്ന ചുമയും കഫക്കെട്ടും കാരണം അവൾ വളരെ അസ്വസ്ഥത അനുഭവിച്ചിരുന്നു. ആദ്യവെള്ളിയാഴ്ചയിലെ ശുശ്രൂഷകളിൽ മുടങ്ങാതെ പങ്കെടുത്തതിന്റെ ഫലമായി ദൈവം സൗഖ്യം നൽകി. യേശുവേ നന്ദി.

മോനിക്ക കവുന്നകാട്ടിൽ, വെറ്റിലപ്പാറ

2013ലെ അഖണ്ഡജപമാലയിൽ പങ്കെടുത്തു പ്രാർത്ഥിച്ചതിന്റെ ഫലമായി മകന് സ്ഥിരം ജോലി ലഭിക്കുകയും സാമ്പത്തിക കടബാധ്യത മാറി സ്ഥലം വില്പന നടത്തുകയും ചെയ്തു ദൈവത്തിന് നന്ദി

ഫിലോമിന

എന്റെ ബ്രസ്റ്റിന് ഒരു മുഴയുണ്ടായിരുന്നു. വെള്ളായാഴ്ചകളിൽ നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി മുഴ തീർത്തും മാറി. മാത്രമല്ല എന്റെ ശരീരം മുഴുവൻ നീരും വേദനയുമായിരുന്നു. ആരാധനയുടെ സമയത്തു ഞാൻ പ്രാർത്ഥിച്ചു. അപ്പോൾ അച്ചൻ വിളിച്ചുപറഞ്ഞു ഈ അവസ്ഥയിലുള്ള ഒരു മകളെ കർത്താവ് സുഖപ്പെടുത്തുന്നു. ദൈവം തന്ന സൗഖ്യത്തിന് ഒരായിരം നന്ദി. എന്റെ ഏഴുവയസ്സുള്ള മകൾ എപ്പോഴും മൂത്രം ഒഴിക്കുകയും, കിടക്കയിൽ കിടന്നുപോലും മൂത്രം ഒഴിക്കുകയും ചെയ്തിരുന്നു. വെള്ളിയാഴ്ചകളിൽ നിയോഗം വെച്ച് പ്രാർത്ഥിക്കുകയും അഖണ്ഡജപമാലയിൽ പങ്കെടുക്കുകയും ചെയ്തു. അതിന്റെ ഫലമായി ദൈവം എന്റെ കുഞ്ഞിന്റെ അസുഖത്തിന് സൗഖ്യം നൽകി. എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദിപറയുന്നു.

ഡെയ്സി

ദൈവം തന്ന അനുഗ്രഹങ്ങൾക്ക് ആയിരം നന്ദി പറയുന്നു. ഞങ്ങളുടെ മകന് വിവാഹം കഴിഞ്ഞ് 7 വർഷം കഴിഞ്ഞിട്ടും കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. കഴിഞ്ഞ വർഷത്തെ അഖണ്ഡജപമാലയിൽ പങ്കെടുക്കുകയും തിരിപ്പണം നൽകുകയും ചെയ്തു. പരിഹാരചാപ്പലിൽ പോയി പ്രാർത്ഥിക്കുകയും വി. ജോൺ പോൾ പാപ്പയുടെ മാധ്യസ്ഥ്യം യാചിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ മകൾ ഇപ്പോൾ 7 മാസം ഗർഭിണിയാണ്. ദൈവത്തിന് ആയിരമായിരം നന്ദി

ഫിലോമിന വർക്കി, പുല്ലൂരാംപാറ

എന്റെ അനുജന് ഒരു കിഡ്നിയിൽ കല്ലും ഒന്ന് ബ്ലോക്കും ആയിരുന്നു. ഡോക്ടർ ഓപ്പറേഷൻ വേണം എന്നു പറഞ്ഞു. ഞാനും എന്റെ കുടുംബവും അഖണ്ഡജപമാലയിൽ വന്ന് പങ്കെടുത്ത് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഓപ്പറേഷൻ കൂടാതെ അസുഖം മാറി. എന്റെ കാൽമുട്ടിന്റെ വേദന മാറി. മകന്റെ ജോലിക്ക് വേണ്ടിയും പ്രാർത്ഥിച്ചിരുന്നു. എല്ലാത്തിനും ദൈവം ഉത്തരം നൽകി അനുഗ്രഹിച്ചു.
യേശുവേ നന്ദി, യേശുവേ സ്തുതി.

സണ്ണി പുളിക്കാട്ട്, പുന്നക്കൽ

ഞാൻ സ്കൂട്ടറിൽ നിന്ന് വീണ് നടക്കാൻ മേലാതെ 6 മാസത്തോളം കിടപ്പിലായിരുന്നു. പല ആശുപത്രികളിലും കയറി. ഒരു കാര്യവും ഉണ്ടായില്ല. ഒടുവിൽ ഞാൻ ബെൽറ്റിട്ടു നടക്കാൻ തുടങ്ങി. പിന്നെ ഡോക്ടറെ കാണിച്ചപ്പോൾ ഒരു ഓപ്പറേഷനിലൂടെ കാൽ ശരിയാകും എന്ന് പറഞ്ഞു. 9 വെള്ളിയാഴ്ച ബഥാനിയായിൽ വന്നു പ്രാർത്ഥിക്കാം എന്നു നേർന്നു. ആരാധനയുടെ സമയത്ത് സ്കൂട്ടറൽനിന്ന് വീണ ഒരു മകളുടെ ഇടതുഭാഗത്തെ വേദന ഈശോ എടുത്തുമാറ്റുന്നുവെന്ന് അച്ചൻപറഞ്ഞു. അതോടെ 3-ാമത്തെ വെള്ളിയാഴ്ച എന്റെ കാലിന്റെ ബെൽറ്റ് ഞാൻ അഴിച്ചു. എന്റെ കാലിന് പൂർണ്ണ സൗഖ്യം ലഭിച്ചു. പിന്നീട് ഇതുവരെ കാലിന് വേദന ഉണ്ടായിട്ടില്ല. യേശുവേ നന്ദി, യേശുവേ സ്തുതി.

ഗ്രേസി ആന്റണി, പ്രാവിടക്കുന്നേൽ

ഞങ്ങളുടെ മകൾ സ്മിത ഏഴു മാസം ഗർഭിണിയായപ്പോൾ സ്കാനിംഗിൽ കുട്ടി തല തിരിഞ്ഞാണ് കിടക്കുന്നതെന്ന് കണ്ടു. ബെന്നി അച്ചന്റെ അടുത്തുവന്നപ്പോൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ സുഖപ്രസവം നടക്കും എന്ന് പറഞ്ഞു. അവസാനത്തെ സ്കാനിംഗിൽ കുഞ്ഞ് പുക്കിൾക്കൊടി നാല് സ്ഥലത്തായി ചുറ്റിക്കിടക്കുകയാണെന്ന് പറഞ്ഞു. ഞങ്ങൾ അഖണ്ഡജപമാലയിലും ഏകദിനകൺവെൻഷനുകളിലും ധ്യാനത്തിലും പങ്കെടുത്ത് കണ്ണീരോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി സുഖപ്രസവം ലഭിച്ചു.

ഗ്രേസി ജോസ് പുല്ലൂരാംപാറ

ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം

മാതാവിനെക്കുറിച്ചും ജപമാലയെക്കുറിച്ചുമുണ്ടായ അവബോധം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഞാൻ പലപ്പോഴും ചിന്തിച്ചിരുന്നു. എന്തിനിങ്ങനെ ജപമാല ചൊല്ലിക്കൂട്ടണം? ഇപ്പോൾ സ്വർഗ്ഗീയദൂത് എന്റെ മനസ്സിലുണ്ട്. നന്മനിറഞ്ഞ മറിയമ്മേയെന്നുപറഞ്ഞ് സ്വർഗ്ഗീയ ദൂതുപറഞ്ഞ മാലാഖയുടെ മുഖം, എന്റെ കർത്താവിനെ ഞാൻ മഹത്വപ്പെടുത്തുമെന്നുപറഞ്ഞ മാതാവിന്റെ മുഖം ഇതെന്നും എന്റെ മനസ്സിൽ ദീപ്തമായി നില്ക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു.

ലോമി കളപ്പുരയക്കൽ

ഇവിടെ കാലുകുത്തിയപ്പോൾ തന്നെ ഈശോയോടു ഞാൻ പറഞ്ഞു. എന്റെ രോഗങ്ങളൊന്നും ഞാൻ തിരികെ കൊണ്ടുപോവുകയില്ല. രണ്ട് എല്ലുകൾ പരസ്പരം ഉരയുന്നതു കാരണം എനിക്ക് മുട്ടുകുത്താൻ വലിയ വേദനയായിരുന്നു. ആരാധനയിൽ ഈശോ എനിക്ക് സൗഖ്യം തന്നു.

നീനു തോമസ് കട്ടിപ്പാറ

പൗരോഹിത്യവും വി. കുർബ്ബാനയും എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ക്രിസ്തീയ വിശ്വാസത്തിന്റെ മഹത്വം തിരിച്ചറിഞ്ഞു.

അനൂപ് ബേബി, കണ്ണൂർ

ബഥാനിയായിൽ പ്രാർത്ഥനയുടെ നല്ലൊരു അന്തരീക്ഷമാണ്. എനിക്ക് നന്നായി പ്രാർത്ഥിക്കാൻ കഴിയുന്നുവെന്നതാണ് ഇവിടെനിന്നുകിട്ടിയ വലിയ അനുഗ്രഹം.

ഷിനോജ് വയനാട്

വചനാധിഷ്ഠിതമായ ക്ലാസ്സുകൾ മനസ്സിലുണ്ടായിരുന്ന ഒത്തിരിയേറെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി. വചനം വായിക്കാനുള്ള പ്രചോദനം ലഭിച്ചു.

അലീന ജോണി, കൂമ്പാറ

പാരമ്പര്യങ്ങളിലൂടെ കൈമാറിവന്ന ക്രിസ്തീയ വിശ്വാസം മറന്നുപോയ ഈ തലമുറയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു ധ്യാനം. വരും തലമുറയ്ക്ക് ഈ വിശ്വാസം പകർന്നു കൊടുക്കാൻ വേണ്ട ബോധ്യങ്ങൾ ലഭിച്ചതിന് ദൈവത്തിന് നന്ദി

ജെയിംസ് കുര്യൻ, തൊടുപുഴ

ഇവിടെ വന്ന് ഒരു ദിവസത്തെ ധ്യാനം കഴിഞ്ഞ് തിരിച്ചു പോകാമെന്നാണ് വിചാരിച്ചത്. കാരണം എനിക്ക് ഇരിക്കാനും നില്ക്കാനും വളരെ പ്രയാസമായിരുന്നു. 8 മാസത്തോളമായി കാലൊന്നു മടക്കുവാനോ ഇരിക്കുവാനോ കഴിയാതെ വിഷമിക്കുകയായിരുന്നു. ഇപ്പോൾ അതിനെല്ലാം മാറ്റം വന്നു. ദൈവത്തിനു സ്തുതി.

ആനി ഷിബു, കൊല്ലം

ഞാൻ ഗവൺമെന്റ് സർവ്വീസിൽ നിന്ന് വിരമിച്ചിട്ട് 5 വർഷമായി. വിരമിക്കുമ്പോൾ അനുവദിച്ചുകിട്ടേണ്ടതായിരുന്ന ഗ്രാറ്റുവിറ്റിയും പെൻഷൻ കമ്മ്യൂട്ടേഷനും അനുവദിച്ചുതന്നില്ല. പെൻഷൻ പുതുക്കി കുടിശ്ശിക അനുവദിക്കേണ്ടതും തടഞ്ഞുവെച്ചു. ആനുകൂല്യങ്ങൾ അനുവദിച്ചുകിട്ടുന്നതിനായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും കേസ് പരിഗണിക്കുന്നത് വർഷങ്ങളായി നീണ്ടുപോവുകയായിരുന്നു. ഈ സാഹചര്യത്തിൽ 5 വർഷം മുമ്പ് കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ അനുവദിച്ചുകിട്ടുന്നതിനായി നിയോഗം വെച്ച് 5 ദിവസം ബഥാനിയായിൽ അഖണ്ഡജപമാലയിലും വിശുദ്ധ കുർബ്ബാനയിലും പങ്കെടുക്കുവാൻ തീരുമാനിച്ചു. 4-ാം ദിവസം ഹൈക്കോടതി കേസ് പരിഗണിച്ച് തടഞ്ഞുവെച്ച ആനുകൂല്യങ്ങൾ അനുവദിച്ചുതരുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. ഒരുമാസത്തിനുള്ളിൽ മുഴുവൻ പണവും ലഭ്യമാക്കുന്നതിനാണ് ഉത്തരവ്. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചപ്പോൾ അനുഗ്രഹം ചൊരിഞ്ഞ ദൈവത്തിന് ഒരായിരം നന്ദി.

ജോർജ്ജ് റാത്തപ്പിള്ളിൽ

ദിവ്യകാരുണ്യ ആരാധനയും അഖണ്ഡ ജപമാല സമർപ്പണവും

2014 ജൂലൈ 17 മുതൽ ഒക്ടോബർ 25 വരെ (24 മണിക്കൂറും)

ജീവന്റെ സമൃദ്ധിയ്ക്കും പ്രേഷിത തീക്ഷ്ണതയ്ക്കും

* ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 6.00നും ഉച്ചയ്ക്ക് 12.00നും വൈകിട്ട് 7.00നും ദിവ്യബലി.
* 12.00 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും.
* എല്ലാ ദിവസവും കുമ്പസാരത്തിനുള്ള സൗകര്യം.
* ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും കൗൺസിലിങ് സൗകര്യം. (9.30 മുതൽ 4.00 വരെ)
* എല്ലാ ദിവസവും ഉച്ചയ്ക്കും, രാത്രിയിലും നേർച്ചഭക്ഷണം.
* ഭക്തവസ്തുക്കൾ വെഞ്ചരിക്കാനുള്ള സൗകര്യം.
* എല്ലാ ദിവസവും പകൽ 3 മണിക്കും രാത്രി 3 മണിക്കും കുരിശിന്റെ വഴി.
* ഓരോ മണിക്കൂറിലും വിശ്വാസ പ്രമാണം ചൊല്ലി പ്രാർത്ഥിക്കുന്നു.
* രോഗികൾക്ക് പ്രത്യേക സൗകര്യങ്ങളും ക്രമീകരിച്ചിരിക്കുന്നു.
* ആരാധനയ്ക്കാവശ്യമായ എണ്ണ, മെഴുകുതിരി, ചന്ദനത്തിരി, തുടങ്ങിയവ സമർപ്പിക്കാവുന്നതാണ്.
* ദമ്പതികളും കുടുംബങ്ങളും ഒരുമിച്ച് പ്രാർത്ഥനയ്ക്കെത്തുന്നത് അനുഗ്രഹപ്രദമാണ്.

ബഥാനിയായിൽ സെപ്റ്റംബർ 2014

ഫോൺ : 0495-2276383, 2276644, 9539535364

05	ഏകദിന കൺവെൻഷൻ ജാഗരണപ്രാർത്ഥന
06	ഗർഭിണികൾക്കായുള്ള പ്രാർത്ഥന
07 – 12	യുവജനധ്യാനം
8	മാതാവിന്റെ പിറവിത്തിരുനാൾ
12	ഏകദിന കൺവെൻഷൻ
19	ഏകദിന കൺവെൻഷൻ
21 – 26	ആന്തരിക സൗഖ്യ ദൈവാനുഭവ ധ്യാനം
26	ഏകദിന കൺവെൻഷൻ

Puthenpurackal Printers, Thiruvambady Ph : 2252115